കൈമാറ്റം ചെയ്യേണ്ട ബജറ്റ് വിഹിതവും അതിനുവേണ്ട മാനദണ്ഡങ്ങളും നിർദ്ദേശിക്കുക.

(ബി) ഇല്ല.

(സി) രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ ഭാഗികമായി അംഗീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ അംഗീകരിച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കാൻ നടപടി

35 [972] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ധനസഹായം അനുവദിക്കുമോ;

(ബി) ഗവൺമെന്റ് 'അതിവേഗം ബഹുദൂരം' പദ്ധതിയിൽ ഉൾപ്പെടുത്തി മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് ആവശ്യമായ പ്രവർത്തനമൂലധനം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധന

36 [973] *ശ്രീ. പി. കെ. കെ. ബാവ:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *സി. മോയിൻ കുട്ടി:*
„ *കളത്തിൽ അബ്ദുള്ള:*
„ *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ടെലിഗ്രാം/അണ്ടർ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ്വഴി വിവരങ്ങൾ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഏതൊക്കെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2004-2005-ൽ വിവരങ്ങൾ അറിയിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതൊക്കെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ, ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു;

(ഡി) അറിയിപ്പ് ലഭിക്കുന്ന എല്ലാ കേസ്സുകളും പരിശോധിക്കുമോ; ഇല്ലെങ്കിൽ അതിന്റെ എത്ര ശതമാനമെങ്കിലും പരിശോധന നടത്തണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി 25% പൊതുമരാമത്ത് പ്രവൃത്തികളെങ്കിലും പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റോഡ് പണിക്ക് അടങ്കലിൽ 50 ക്യൂബിക് മീറ്ററിൽ കൂടുതൽ മെറ്റൽ വകയിരുത്തുന്പോഴും അടങ്കലിൽ 300 ക്യൂബിക് മീറ്ററിൽ കൂടുതൽ മൺവേല ഉൾപ്പെടുത്തിയിരിക്കുന്ന സന്ദർഭങ്ങളിലും പണി ആരംഭിക്കുന്നതിന് മുമ്പ് അളവുകൾ എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനറെ അറിയിക്കേണ്ടതാണ്.

(ബി) കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങൾ പണി സംബന്ധമായ വിവരങ്ങൾ അറിയിച്ചു.

(സി) ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ 'റാൻഡം' പരിശോധന നടത്തി.

(ഡി) അറിയിപ്പ് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 'റാൻഡം' പരിശോധന നടത്താറുണ്ട്. എന്നാൽ ഈ വിംഗിൽ പരിമിത എണ്ണം സാങ്കേതിക ഉദ്യോഗസ്ഥർ മാത്രമാണ് ഉള്ളത്. ആയതിനാൽ എല്ലാ പണികളും പരിശോധിക്കുവാൻ സാധിക്കുന്നില്ല.

(ഇ) സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ കീഴിൽ നടക്കുന്ന വിവിധ മരാമത്ത് പണികളുടെ 'റാൻഡം' പരിശോധനയ്ക്ക് പുറമെ ബഹുമാനപ്പെട്ട ഹൈക്കോടതി, ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ, ഗവൺമെന്റ് എന്നിവർ നിർദ്ദേശിക്കുന്ന അടിയന്തിരമായ അന്വേഷണങ്ങളും, സത്വരം നടപടി സ്വീകരിക്കേണ്ട റിവൈസ്ഡ് എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഫയലുകളും കൈകാര്യം ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഇപ്പോൾ ഈ വിംഗിൽ ഉള്ള പരിമിത എണ്ണം ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി 25% പൊതുമരാമത്ത് പണികൾ പരിശോധിക്കുവാൻ സാധിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം

37 [974] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം/ധനകാര്യ മാനേജ്മെന്റിനെ സംബന്ധിക്കുന്ന എത്ര സർക്കാർ ഉത്തരവുകളും സർക്കുലറുകളും

LIBRARY ARCHIVES Kerala Legislative Assembly